**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1097** **24-02-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ സാംസ്കാരിക വകുപ്പിന് കീഴിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ നടപ്പാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (എ) | കേരളത്തിലെ കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി മലപ്പുറം ജില്ലയിലും നടപ്പിലാക്കി വരുന്നു. മലപ്പുറം ജില്ലയിൽ വിവിധ ബ്ലോക്കുകളിൽ കലാകാരൻമാരെ വിന്യസിക്കുകയും പ്രസ്തുത കലാകാരന്മാർ അതാത് ബ്ലോക്കുകൾക്ക് കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ സൗജന്യ പരിശീലനം നൽകി വരികയും ചെയ്യുന്നുണ്ട്. ഓരോ കലാകാരനും 10,000/- രൂപ സാംസ്കാരിക വകുപ്പിൽ നിന്നും 5,000/- രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഉൾപ്പെടെ ആകെ 15,000/- രൂപ വീതം പ്രതിമാസം ഫെലോഷിപ്പായി നൽകി വരുന്നുണ്ട്. നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും കിഫ്ബി ധനസഹായത്തോടെ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്ന പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ നവോത്ഥാന നായകൻ അബ്ദു റഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ 39.67 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി, നിലമ്പൂർ നഗരസഭയിലെ |

| | | | |
|---|---|---|---|
| | | | അരുവാക്കോട് മൺപാത്ര നിർമ്മാണ ഗ്രാമത്തിനെ സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കുന്ന 'ഗ്രാമീണ കലാകേന്ദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻകീഴിൽ കരകൗശല കലാകാരന്മാർക്ക് നൈപുണ്യ വികസന പരിശീലനം നൽകിയിട്ടുണ്ട്. കൊണ്ടോട്ടി കേന്ദ്രമായി പ്രവർത്തിക്കുന്ന മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി മാപ്പിളപ്പാട്ട്, മാപ്പിളകലകളുടെ പരിശീലനം, ഒപ്പന, തിരുവാതിരക്കളി, മാർഗംകളി, അറബിമലയാളം കോഴ്സ്, വിവിധ കലാ സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | മാപ്പിളകലാ പരിശീലനങ്ങൾക്കായി എല്ലാ ജില്ലകളിലും ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് നടപ്പിലാക്കുന്ന 'സ്കൂൾ ഓഫ് മാപ്പിള ആർട്സ്' മലപ്പുറം നിയോജക മണ്ഡലത്തിൽ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) | മാപ്പിളപ്പാട്ട്, മാപ്പിളകലകൾ എന്നിവയുടെ പരിശീലന വ്യാപനത്തിനായുള്ള "സ്കൂൾ ഓഫ് മാപ്പിള ആർട്സ്' പദ്ധതി ജില്ലാപഞ്ചായത്തുമായി ബന്ധപ്പെടുത്തി നടത്തുന്നതിനായാണ് ലക്ഷ്യമിട്ടുന്നത്. ആയത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. ആദ്യം 14 ജില്ലാ പഞ്ചായത്ത് ആസ്ഥാനങ്ങളിലും തുടർന്ന് 126 നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ